LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികളിലെ കേടുവന്ന ഉപകരണങ്ങൾ നന്നാക്കി ഉപയോഗിക്കാൻ നടപടി

*10 [392] *ശ്രീ. വി. കെ. സി. മമ്മത്കോയ:*
,, *ടി. കെ. ദേവകുമാർ:*
,, *കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്ക് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കേടുവന്ന ഉപകരണങ്ങൾ നന്നാക്കി ഉപയോഗിക്കാതെ വീണ്ടും ഉപകരണങ്ങൾ വാങ്ങിക്കൂട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഏതെല്ലാം മെഡിക്കൽ കോളേജു കളിലാണ് ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വെളിപ്പെടുത്തുമോ;

(ഡി) ഉപകരണങ്ങൾ വാങ്ങിയിട്ടും അവ ഉപയോഗിക്കാതെ കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ഓരോ വർഷവും വാങ്ങേണ്ട ഉപകരണങ്ങളുടെ ആവശ്യകതാലിസ്റ്റും അതിന്റെ നിലവിലുള്ള വിലയും ബന്ധപ്പെട്ടവരിൽ നിന്ന് ലഭിച്ചുകഴിഞ്ഞാൽ, ആയത് സർക്കാർ തലത്തിൽ പരിശോധിച്ച് ഭരണാനുമതി നൽകുന്നു. അപ്രകാരം ഉത്തരവു ലഭിച്ചുകഴിഞ്ഞാൽ ടെണ്ടർ ക്ഷണിക്കുന്നു. ടെണ്ടർ ലഭിച്ചാലുടൻ സ്റ്റോഴ്സ് പർച്ചേസ് നിയമം അനുസരിച്ച് ഉപകരണങ്ങളുടെ പ്രവർത്തനങ്ങൾ ടെക്നിക്കൽ കമ്മിറ്റി വില യിരുത്തും. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പുതല പർച്ചേഴ്സ് കമ്മിറ്റി (ഡി.പി.സി.) നടത്തുന്ന വിശദമായ പരിശോധനകൾക്കും വിലയി രുത്തലുകൾക്കുംശേഷം നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങൾക്കു വിധേയമായി പർച്ചേസ് ഓർഡർ നൽകുന്നു.

(ബി) കേടുവരുന്ന ഉപകരണങ്ങളിൽ സമയാസമയങ്ങളിൽ നന്നാക്കാൻ പറ്റുന്നവ നന്നാക്കി ഉപയോഗിക്കാറുണ്ട്. കേടുവന്ന വളരെപ്പഴക്കംചെന്ന ഉപകരണങ്ങൾ നന്നാക്കാൻ കഴിയില്ല എന്ന് കണ്ടംനേഷൻ കമ്മിറ്റി ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ പുതിയ മെഷീനുകൾ വാങ്ങുന്നുള്ളൂ.

(സി) 2002-2003 കാലയളവിൽ പ്ലാൻ സ്കീമിൽപ്പെടുത്തി മെഡിക്കൽ കോളേജ്, കോട്ടയം, തിരുവനന്തപുരം, തൃശ്ശൂർ, ആലപ്പുഴ, കോഴിക്കോട്, ഡെന്റൽ കോളേജ്, തിരുവനന്തപുരം, കോഴിക്കോട്, റീജയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജി തിരുവനന്തപുരം എന്നിവയ്ക്കായി 7,19,61,545 (ഏഴ് കോടി പത്തൊൻപത് ലക്ഷത്തി അറുപത്തി ഒന്നായിരത്തി അഞ്ഞൂറ്റി നാല്പത്തിയഞ്ച് രൂപ) രൂപയുടെ പർച്ചേസ് നടത്തിയിട്ടുണ്ട്.

2003-2004 കാലയളവിൽ പ്ലാൻ സ്കീമിൽ മെഡിക്കൽ കോളേജ്, തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, ഡെന്റൽ കോളേജ്, കോട്ടയം, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്ത്താൽമോളജി, തിരുവനന്തപുരം എന്നിവയ്ക്കായി 6,86,56,219 (ആറ് കോടി എൺപത്തിയാറ് ലക്ഷത്തി അമ്പത്തിയാറായിരത്തി ഇരുന്നൂറ്റി പത്തൊൻപത്) രൂപയുടെ പർച്ചേസ് നടത്തിയിട്ടുണ്ട്.

(ഡി) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത ചില സ്ഥലങ്ങളിൽ ഉപകരണങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നവിവരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഉപയോഗിക്കാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഉപകരണങ്ങൾ ഉപയോഗിക്കുവാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

വിദേശ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ

*11 [393] *ശ്രീ. പി. നാരായണൻ:*
,, *പി. എസ്. സുപാൽ:*
,, *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ വിദേശ സഹായത്തോടെ നടപ്പാക്കുന്ന ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഏകീകരണത്തിനും മേൽനോട്ടത്തിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) യൂറോപ്യൻ കമ്മീഷന്റെ ധനസഹായത്തോടെ എന്തൊക്കെ ആരോഗ്യ പരിപാടികളാണ് നടക്കുന്നതെന്നും ഈ പദ്ധതികൾക്കായി ഇതുവരെ ലഭിച്ച സഹായം എത്രയാണെന്നും വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ഭരണ നവീകരണ പരിപാടി, സെക്ടർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാം, എയ്ഡ്സ് കൺട്രോൾ പ്രോഗ്രാം, പ്രജനന ശിശു ആരോഗ്യ പദ്ധതി, സമഗ്ര ജനവികസന പരിപാടി, പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി, ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി എന്നിവയാണ് ആരോഗ്യ വകുപ്പിൽ വിദേശ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ. ഡ്രഗ് ടെസ്റ്റിംഗ് ലാബിന്റെയും, ഫുഡ് ടെസ്റ്റിംഗ് ലാബിന്റെയും നവീകരണത്തിനായുള്ള കപ്പാസിറ്റി ബിൽഡിംഗ് പ്രോജക്ട് എന്ന ഒരു പദ്ധതിയും ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്നുണ്ട്.

(ബി) ഈ പദ്ധതികളുടെ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും വിലയിരുത്തലിനുമായി സംസ്ഥാന ജില്ലാ തലങ്ങളിൽ സൊസൈറ്റികൾ/കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ പദ്ധതിക്കും പ്രോഗ്രാം ഓഫീസറോ നോഡൽ ഓഫീസറോ ചുമതലക്കാരായുണ്ട്. സംസ്ഥാന സൊസൈറ്റികൾക്ക് ചീഫ് സെക്രട്ടറി/

LIBRARY ARCHIVES Kerala Legislative Assembly